(സി) 2001-ലെ സെൻസെസ് അനുസരിച്ച്

പശുക്കൾ	. .	24.31 ലക്ഷം
എരുമകൾ	. .	1.11 ,,
കോഴികൾ	. .	169.08 ,,

(ഡി) ഉണ്ട്.

(ഇ) വർദ്ധിച്ചുവരുന്ന തീറ്റചെലവ്, സംരക്ഷണ ചെലവ് എന്നിവ താങ്ങാനാവാതെയും മെച്ചപ്പെട്ട തീറ്റപുല്ലിന്റെ ദൗർലഭ്യതയും കാരണം കർഷകർ കന്നുകാലി വളർത്തലിൽനിന്നും വിട്ടുപോയിട്ടുണ്ട്. കഴിഞ്ഞ വർഷമുണ്ടായ കുളമ്പുരോഗത്തെ തുടർന്ന് ഭീതിമൂലം വളരെയധികം കന്നുകാലികളെ കർഷകർ വിറ്റുപോയിട്ടുണ്ട്.

(എഫ്) കന്നുകാലികൾക്കും, കോഴികൾക്കും ഉണ്ടാകാവുന്ന സാംക്രമിക രോഗങ്ങളെ പ്രതിരോധ കുത്തിവയ്പ്പിലൂടെ നിയന്ത്രിച്ച് കേരളത്തെ കന്നുകാലി/കോഴി രോഗവിമുക്ത മേഖലയാക്കുക, ഇവയുടെ ചികിൽസയ്ക്ക് അത്യാവശ്യമായ മരുന്നുകൾ മൃഗാശുപത്രികൾവഴി സൗജന്യമായി നൽകുക, കർഷകർക്ക് ലാഭകരമായി വളർത്താവുന്ന പന്നി, ആട്, മുയൽ, കോഴി, കാട എന്നിവയുടെ കുഞ്ഞുങ്ങളെ സർക്കാർ ഫാമുകളിൽ ഉൽപ്പാദിപ്പിച്ച് ന്യായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുക, കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നവീകരിച്ച് നടപ്പിലാക്കുക, കേന്ദ്ര സഹായത്തോടെ കോഴിവളർത്തുകേന്ദ്രങ്ങൾ നവീകരിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുക, എഗ്ഗർ നഴ്സറി യൂണിറ്റുകൾ ശക്തിപ്പെടുത്തുക, ഇവയുടെ പരിപാലനത്തിൽ കർഷകർക്ക് പരിശീലനം നൽകുക, ബാക്ക്യാർഡ് പൗൾട്രി സ്കീം വ്യാപകമാക്കുക എന്നീ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ അവയുടെ പദ്ധതിയിൽപ്പെടുത്തി കർഷകർക്ക് മൃഗസംരക്ഷണ രംഗത്ത് സ്വയംതൊഴിൽ കണ്ടെത്താൻ ധനസഹായം നൽകിയും വരുന്നുണ്ട്.

കേരളാ ഫീഡ്സ് ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗിലെ അപാകതകൾ

119 [2088] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫീഡ്സ് കാലിത്തീറ്റ കമ്പനിയുടെ ഡീലർമാർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിൽ മാർക്കറ്റിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ വിവേചനം കാട്ടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചില ഡീലർമാർ മറ്റൊരു ഡീലറുടെ വിപണന പ്രദേശത്ത് കേരള ഫീഡ്സ് കാലിത്തീറ്റ അനധികൃതമായി വിപണനം നടത്തുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തുകൊണ്ടാണ് ഈ അനധികൃത വിപണനം നടത്തുന്ന ഡീലർമാർക്കെതിരെ കമ്പനി അധികൃതർ നടപടി സ്വീകരിക്കാത്തതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കമ്പനിയുമായി ഉണ്ടാക്കിയിട്ടുള്ള ഉടമ്പടിപ്രകാരം അതാത് ഡീലർമാർക്ക് അനുവദിച്ചിട്ടുള്ള വിപണന പ്രദേശത്ത് അനധികൃത വിപണനം നടത്തുന്ന മറ്റ് ഡീലർമാർക്കെതിരെ കമ്പനി അധികൃതർ നടപടി സ്വീകരിക്കുമോ;

(ഇ) ഡീലർമാർക്ക് വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ചിട്ടുള്ള കമ്മീഷൻ വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എന്നുമുതൽ;

(എഫ്) യഥാസമയം കാലിത്തീറ്റ ഡീലർമാർക്ക് സപ്ലൈ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. കമ്പനിയുടെ 100 കി. മീ. പരിധിയിൽപ്പെടുന്ന ഡീലർമാർക്ക് വിതരണത്തിന് മുൻഗണന നൽകുന്നുണ്ട്.

(ബി) ഉണ്ട്.

(സി) വ്യക്തമായ തെളിവുകൾ സഹിതം ലഭിച്ച പരാതികളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) വ്യക്തമായ തെളിവുകൾ സഹിതം പരാതികൾ ലഭിച്ചാൽ നടപടി സ്വീകരിക്കും.

(ഇ) ഇല്ല. വിലയ്ക്ക് ആനുപാതികമായി കമ്മീഷൻ തുക വർദ്ധിപ്പിക്കുന്നതാണ്.

(എഫ്) കമ്പനിയുടെ സ്ഥാപിത ശേഷിയിൽ കൂടുതൽ ഡിമാന്റ് നിലനിൽക്കുന്നതിനാൽ യഥാസമയം കാലിത്തീറ്റ വിതരണം ചെയ്യുവാൻ ഇപ്പോൾ സാധിക്കുന്നില്ല.

ഇറച്ചിക്കോഴിയുടെ വാർഷിക ഉൽപ്പാദനം

120 [2089] ശ്രീ. ടി. യു. രാധാകൃഷ്ണൻ:

ശ്രീമതി മാലേത്ത് സരളാദേവി

ശ്രീ. കെ. എ. ചന്ദ്രൻ:

" ജോർജ് ജെ. മാത്യു:

" ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇറച്ചിക്കോഴിയുടെ വാർഷിക ഉൽപ്പാദനം ഇപ്പോൾ എത്രയാണ്;

(ബി) ഇപ്പോൾ അന്യ സംസ്ഥാനക്കാർ ഇറച്ചിക്കോഴി വളർത്തുന്നുണ്ടോ:

LIBRARY ARCHIVES Kerala Legislative Assembly